ഉത്തരം

(എ) 6 എണ്ണം.

(ബി) (1) തോല (2) പാറപ്പാറ്റുപടി, (3) പുലിക്കുന്നുമല (4) ചക്കിട്ടപ്പടി-കളരിക്കോട്.

(സി) ഇടയാറന്മുളയിൽ സ്ഥാപിക്കുന്ന ട്രാൻസ്ഫോമറിന്റെ പണി നടക്കുന്നു.

(ഡി) ഒന്നുംതന്നെയില്ല.

(ഇ) തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ മരാമൺ, വെള്ളങ്ങൂർ എന്നീ സ്ഥലങ്ങളിലേയ്ക്ക് ട്രാൻസ്ഫോർമറുകൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ല. എന്നാൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(എഫ്) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ട്രാൻസ്ഫോർമറുകൾ അനുവദിക്കുന്നതിന് നടപടി

149 (932)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഈസ്റ്റ് ഡിവിഷന്റെ കീഴിൽ വരുന്ന അമ്മാടം കണിമംഗലം, കുറിച്ചിക്കര സെക്ഷനുകളിൽ പുതിയതായി എത്ര ട്രാൻസ്ഫോർമറുകൾ അനുവദിച്ചിട്ടുണ്ട്; ഏതൊക്കെ സ്ഥലങ്ങളിൽ;

(ബി) ഇരിങ്ങാലക്കുട ഡിവിഷന്റെ കീഴിൽ ചേർപ്പ് മേജർ സെക്ഷനു കീഴിൽ എത്ര ട്രാൻസ്ഫോർമറുകൾ അനുവദിച്ചിട്ടുണ്ട്; ഏതൊക്കെ സ്ഥലങ്ങളിൽ;

(സി) കൊടുങ്ങല്ലൂർ ഡിവിഷന്റെ കീഴിൽ വരുന്ന പെരിങ്ങോട്ടുകര, തൃപ്രയാർ പ്രദേശങ്ങളിൽ പുതിയ എത്ര ട്രാൻസ്ഫോർമറുകൾ അനുവദിച്ചിട്ടുണ്ട്; ഏതൊക്കെ സ്ഥലങ്ങളിൽ;

(ഡി) കൊടുങ്ങല്ലൂരിന്റെ കീഴിൽ വരുന്ന ചെമ്മാപ്പിള്ളിയിൽ സ്ഥാപിക്കുന്ന ട്രാൻസ്ഫോർമർ എന്നുമുതൽ പ്രവർത്തിച്ചുതുടങ്ങും; പ്രവർത്തനം തുടങ്ങാൻ എന്താണ് തടസ്സം എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 8 എണ്ണം.

(1) യൂണിറ്റി നഗർ, കുരിയച്ചിറ

(2) പനമുക്ക്

(3) പാറപ്പുറം പനമുക്ക്

(4) പാലയ്ക്കൽ സെന്റർ

(5) കോടന്നൂർപ്പള്ളി

(6) പറപ്പൂകടവ്

(7) പുത്തൻ വെട്ടുകുഴി

(8) പുള്ള്

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2 എണ്ണം.

(1) വെസ്റ്റ്നട

(2) പെരിഞ്ഞേരി

(സി) 5 എണ്ണം.

(1) ഇടശ്ശേരി

(2) ചെമ്മാപ്പിള്ളി

(3) നായങ്ങാടി

(4) ഖാദർ സെന്റർ

(5) വെള്ളൂർ വെസ്റ്റ്

(ഡി) ആഗസ്റ്റ് മാസത്തോടെ ട്രാൻസ്ഫോർമർ ചാർജ് ചെയ്യാനാവുമെന്ന് കരുതുന്നു. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പണി നടന്നുവരുന്നു.

കെ.എസ്.ഇ.ബി. മേജർ സെക്ഷൻ, സെക്ഷൻ ആഫീസുകൾ

150 (933) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ സംസ്ഥാനത്ത് എത്ര മേജർ സെക്ഷൻ, സെക്ഷൻ ആഫീസുകൾ ഉണ്ട്; ഒരു മേജർ സെക്ഷനിൽ നിലവിലിരിക്കുന്ന മാനദണ്ഡം അനുസരിച്ച് എത്ര ഉപഭോക്താക്കൾ ഉണ്ടാകണം; മേജർ സെക്ഷനുകൾ വിഭജിക്കുന്നതിനുള്ള മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ സെക്ഷൻ ആഫീസുകൾ അനുവദിച്ചിട്ടുണ്ട്; ഇതിന്റെ ജില്ലതിരിച്ചുള്ള കണക്കും അനുവദിച്ച വർഷവും നൽകുമോ;

(സി) സംസ്ഥാനത്തെ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകളിൽ വാഹനം ഇല്ലാത്തവ എത്രയെണ്ണം ഉണ്ട്; മേജർ സെക്ഷനുകളിൽ എത്ര സ്ഥലത്ത് വാഹനം ഇല്ല;

(ഡി) സംസ്ഥാനത്ത് കെ.എസ്.ഇ.ബി. പുതുതായി സിവിൽ ആഫീസോ സബ് സ്റ്റേഷനുകളോ ആരംഭിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 297 മേജർ സെക്ഷൻ ആഫീസുകളും 214 സെക്ഷനോഫീസുകളും ഉണ്ട്. 7000 മുതൽ 15000 വരെ ഉപഭോക്താക്കൾ ഒരു മേജർ സെക്ഷന്റെ കീഴിൽ വരാവുന്നതാണ്. 15000-ൽ കൂടുതൽ ഉപഭോക്താക്കൾ മേജർ സെക്ഷന്റെ പരിധിയിൽ വരുമ്പോൾ ആ സെക്ഷൻ വിഭജിക്കാവുന്നതാണ്. കൂടാതെ ലൈനുകളുടെ ദൈർഘ്യം, ഭരണപരമായ സൗകര്യം, റവന്യൂ കളക്ഷൻ എന്നീ കാര്യങ്ങളുംകൂടി പരിഗണിച്ചാണ് പുതിയ ഓഫീസുകൾ തുറക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly